പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2786 **28-10-2026-ൽ മറുപടിയ്ക്ക്**

ഭിന്നശേഷി സംവരണ നിയമനങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. റഹ്മത്തുള്ള ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) 2016-ലെ ഭിന്നശേഷി അവകാശ നിയമപ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽ ഭിന്നശേഷിക്കാർക്കായി മാറ്റിവെച്ചിട്ടുള്ള 4% സംവരണ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ നികത്താനുണ്ട്; വകുപ്പ് തിരിച്ചു വ്യക്തമാക്കാമോ;

മറുപടി: 2016-ലെ ഭിന്നശേഷി അവകാശ നിയമപ്രകാരം (RPwD Act, 2016), ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്ന പ്രക്രിയ (Post Identification) മാത്രമാണ് സാമൂഹിക നീതി വകുപ്പ് നിർവ്വഹിക്കുന്നത്. വിവിധ സർക്കാർ വകുപ്പുകൾ ലഭ്യമാക്കുന്ന തസ്തികകളുടെ വിവരങ്ങൾ മോണിറ്ററിംഗ് കമ്മിറ്റിയും വിദഗ്ധ സമിതിയും (Expert Committee) വിശദമായി പരിശോധിച്ചതിനു ശേഷം, പ്രസ്തുത തസ്തികകൾ ഏതൊക്കെ ഭിന്നശേഷി വിഭാഗങ്ങൾക്ക് അനുയോജ്യമാണെന്ന് നിർണ്ണയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയാണ് ചെയ്യുന്നത്. ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അതത് വകുപ്പുകൾ നേരിട്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേക്ക് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേക്കാണ് കമ്മീഷൻ നിയമന നടപടികൾ സ്വീകരിക്കുന്നത്.

(ബി) 2023 - 2026 കാലയളവിൽ ഭിന്നശേഷി സംവരണ തത്ത്വപ്രകാരം പി.എസ്.സി വഴി നടത്തിയ നിയമനങ്ങളുടെ എണ്ണം വകുപ്പ് തിരിച്ച് അറിയിക്കാമോ;

മറുപടി: വിശദാംശങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം ശേഖരിച്ച് വരുന്നു.

(സി) ഭിന്നശേഷിക്കാർക്കായുള്ള ബാക്ക്ലോഗ് തസ്തികകൾ നികത്തുന്നതിനായി പ്രത്യേക നിയമന ഡ്രൈവ് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ നിലവിലെ പുരോഗതി എന്താണ്;

മറുപടി: നിലവിൽ സാമൂഹിക നീതി വകുപ്പിന്റെ പരിഗണനയിലില്ല.

(ഡി) ഭിന്നശേഷി നിയമനങ്ങളുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടെയും ഉത്തരവുകൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം ഭരണപരമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

മറുപടി: ബഹു. സുപ്രീം കോടതിയും ബഹു. ഹൈക്കോടതിയും പുറപ്പെടുവിക്കുന്ന ഉത്തരവുകൾ കൃത്യമായി പാലിക്കുന്നതിന് ബന്ധപ്പെട്ട വിഷയങ്ങളിൽ അടിയന്തര പ്രാധാന്യം നൽകി ആവശ്യമായ

തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ